LIBRARY ARCHIVES Kerala Legislative Assembly

കൊല്ലംകോണം-കുരുതംകോട് റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി

106 [3495] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കൊല്ലം കോണം മുതൽ കുരുതംകോട് വരെയുള്ള റോഡ് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ തീർത്ത് റോഡ് ടാർ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ ആദ്യഘട്ടം പണി നടത്തുകയും, 2-ാം ഘട്ടം പണി സ്പിൽ ഓവറായി ഉൾപ്പടുത്തി അടിയന്തിരമായി ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് മുതൽ മുറിഞ്ഞപാലം വരെയുള്ള റോഡ് വികസനം

107 [3496] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് മുതൽ മുറിഞ്ഞപാലം വരെയുള്ള റോഡ് വികസിപ്പിക്കുമ്പോൾ മുറിഞ്ഞപാലം ജംഗ്ഷനിലുള്ള ഏതെല്ലാം വീടുകൾ പൂർണ്ണമായോ ഭാഗികമായോ പൊളിക്കേണ്ടതായി വരും എന്നറിയിക്കാമോ;

(ബി) പൊട്ടക്കുഴി ജംഗ്ഷനിൽനിന്നും മെഡിക്കൽ കോളേജിലേയ്ക്ക് വാഹനങ്ങൾ പോകുന്ന റൂട്ടിൽ മുറിഞ്ഞപാലം ജംഗ്ഷനിൽ വന്ന് മെഡിക്കൽ കോളേജിലേയ്ക്ക് തിരിയുന്ന ഭാഗത്ത് ഇടുതുവശത്ത് റോഡ് വക്കു മുതൽ എത്ര മീറ്റർ വീതം സ്ഥമെടുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) അതിന്റെ ഫലമായി ആ ജംഗ്ഷനിലിരിക്കുന്ന വീടും അതിന്റെ ഭാഗമായ കടകളും പൊളിക്കേണ്ടതായി വരുമോ;

(ഡി) അവിടെനിന്നും എടുക്കുന്ന സ്ഥലത്തിന്റെ വീതി പകുതിയാക്കുകയാണെങ്കിൽ പ്രസ്തുത വീട് പൊളിക്കുന്നതിൽനിന്നും ഒഴിവാക്കുവാൻ കഴിയുമോ;

(ഇ) എങ്കിൽ പ്രസ്തുത വീട് പൊളിക്കാതിരിക്കത്തക്ക വിധത്തിൽ അവിടെ സ്ഥലമെടുപ്പ് നടത്താൻ നിർദ്ദേശം നൽകുമോ?